# നികാഹ് നാമ
# (വിവാഹ പ്രതിജ്ഞാ പത്രം)

## ഓൾ ഇന്ത്യാ മുസ്‌ലിം
## പേഴ്സണൽ ലോ ബോർഡ്

പ്രസാധനം
സയ്യിദ് ഹസനി കൗൺസിലിംഗ് സെന്റർ
ദാറുൽ ഉലൂം, ഓച്ചിറ

# ബിസ്മില്ലാഹ് ..........

വൈവാഹിക ജീവിതം ധാരാളം നന്മകൾക്ക് കാരണമാകുന്ന സുദീർഘവും ഒരിക്കലും അവസാനിക്കാത്തതുമായ ഒരു ഉന്നത കർമ്മമാണ്. അതുകൊണ്ടുതന്നെ അത് ആരംഭിക്കുന്ന സന്ദർഭത്തിൽ ചില ഉത്തമ ഉപദേശങ്ങൾ നടത്തലും വധൂവരന്മാർ അത് പാലിക്കാമെന്ന് തീരുമാനിക്കലും വളരെ നല്ലതാണ്. മുസ്‌ലിം വ്യക്തി നിയമങ്ങളുടെ സംരക്ഷണത്തിനും പ്രചാരണത്തിനും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ഈ വിഷയത്തിൽ വധൂവരന്മാർക്ക് ഉത്തമ ഉപഹാരമാണ് നിക്കാഹ് നാമ. നിലവിലുള്ള സാഹചര്യത്തിൽ വളരെ പ്രസക്തമായ ഈ നിക്കാഹ് നാമ ഓരോ മഹല്ല് കമ്മിറ്റികളും വിവാഹം നടത്തിക്കൊടുക്കുന്ന കേന്ദ്രങ്ങളും അവരവരുടെ പേര് വെച്ച് നല്ല നിലയിൽ പ്രസിദ്ധീകരിക്കാനും വിവാഹിതരാകുന്ന ദമ്പതികൾക്ക് വിതരണം ചെയ്യാനും അഭ്യർത്ഥിക്കുന്നു. ഓരോ മഹല്ല് കമ്മിറ്റിയും വിവാഹത്തിന്റെ വേളകളിൽ ബന്ധപ്പെട്ടവരുടെ ഒപ്പുകൾ സ്വീകരിക്കാറുണ്ട്. ആകയാൽ അതിന്റെ കോളങ്ങൾ ഇതിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. പ്രാദേശികമായോ മറ്റോ ന്യായമായ മറ്റുവല്ല കാര്യങ്ങളും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ അത് ചെയ്യാവുന്നതാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇതിന്റെ ആരംഭത്തിൽ വിവാഹവുമായി ബന്ധപ്പെട്ട് അനുഗ്രഹീത മസ്ജിദുന്നബവിയിൽ നടത്തപ്പെട്ട ഒരു ഖുതുബ പ്രഭാഷണവും വൈവാഹിക ജീവിതത്തിൽ പാലിക്കേണ്ട നാൽപ്പത് മര്യാദകളും കൊടുത്തിട്ടുണ്ട്. വളരെ ഹൃസ്വമായതിനോടൊപ്പം വിവാഹത്തിന്റെ വിവിധ വിഷയങ്ങൾ വിവരിക്കുന്ന പ്രസ്തുത പ്രഭാഷണം നവദമ്പതികൾ പഠിക്കുകയും പകർത്തുകയും ചെയ്യേണ്ട ധാരാളം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. പടച്ചവൻ ഇത് സ്വീകരിക്കുമാറാകട്ടെ. ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹായിച്ച സഹോദരനെയും കുടുംബത്തെയും പടച്ചവൻ പ്രത്യേകമായി അനുഗ്രഹിക്കട്ടെ. വിശിഷ്യാ മക്കളുടെ ദാമ്പത്യജീവിതം ഐശ്വര്യപൂർണ്ണമാക്കട്ടെ.

# ഐശ്വര്യപൂർണ്ണമായ

# വിവാഹം

ശൈഖ് അബ്ദുൽ മുഹ്സിൻ അൽ ഖാസിം
ഇമാം മസ്ജിദുന്നബവിയ്യുശ്ശരീഫ്

കുടുംബം സമൂഹത്തിന്റെ അടിത്തറയാണ്. അതിൽ നിന്നാണ് സമുദായങ്ങളും വിഭാഗങ്ങളും വിട്ടുപിരിയുന്നത്. കുടുംബത്തിന്റെ നാരായ വേര് ഇണകളാണ്. അല്ലയോ ജനങ്ങളേ, ഒരു പുരുഷനിൽ നിന്നും സ്ത്രീയിൽ നിന്നും നിങ്ങളെ നാം പടച്ചു. നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിന് നിങ്ങളെ ജനതകളും ഗോത്രങ്ങളുമായി നാം വീതിച്ചു. നിങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ ഏറ്റവും കൂടുതൽ ഭയഭക്തിയുള്ളവനാണ്. തീർച്ചയായിട്ടും അല്ലാഹു എല്ലാം അറിയുന്നവനും. സൂക്ഷ്മജ്ഞാനിയുമാകുന്നു. (ഹുജറാത്ത് 13). അടിമകളുടെ ഇഹപര വിജയങ്ങളിൽ അധിഷ്ഠിതമായ ഇസ്‌ലാമിക ശരീഅത്ത് വിവാഹത്തിലൂടെ ജീവിതത്തെ പരിശുദ്ധമായി നിലനിർത്താൻ യുവാക്കളെ പ്രേരിപ്പിക്കുന്നു. റസൂലുല്ലാഹി (സ) അരുളി: യുവ സമൂഹമേ, നിങ്ങളിൽ വൈവാഹിക ജീവിതത്തിന് കഴിവുള്ളവർ വിവാഹം കഴിച്ചുകൊള്ളട്ടെ. അത് കണ്ണിനെ നിയന്ത്രിക്കുന്നതും ഗുഹ്യഭാഗത്തെ സംരക്ഷിക്കുന്നതുമാണ്. ഇതിന് കഴിവില്ലാത്തവൻ നോമ്പ് പതിവാക്കട്ടെ. നോമ്പ് ജീവിതത്തിന് പരിചയാണ് (ബുഖാരി, മുസ്‌ലിം).

സമുന്നത സ്വഭാവവും ശാന്തതയുമുള്ളവരും ശബ്ദകോലാഹലങ്ങൾ നടത്താത്തവരും ഉപദ്രവങ്ങൾ ചെയ്യാത്തവരുമായ സുകൃത വനിതകളെ ഇണയായി തെരഞ്ഞെടുക്കാൻ ദീൻ പ്രേരിപ്പിക്കുന്നു. വരന്റെ വിഷയത്തിൽ മത ബോധവും സ്വഭാവ രീതികളും ശ്രദ്ധിക്കണമെന്നും ഉണർത്തുന്നു. വധൂവരന്മാരുടെ രഹസ്യങ്ങളെക്കുറിച്ച് ചോദിക്കാമെന്നും ചോദിക്കപ്പെടുന്നവർ വിശ്വസ്തതയോടെ കാര്യങ്ങൾ പറയണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു. ന്യൂനതകൾ മറച്ചുവെക്കുന്നതും ഇല്ലാത്ത നന്മകൾ പറയുന്നതും ഒരുതരം വഞ്ചനയാണ്.

ഒരു വിവാഹലോചന നടത്താൻ ഉറപ്പിച്ചാൽ ഈ പെൺകുട്ടി

യുടെ അടുത്ത ബന്ധുവിന്റെ സമക്ഷത്തിൽ അവരെ കാണുന്നത് അനുവദനീയമാണ്. തദവസരം അലങ്കാര പ്രകടനങ്ങൾ കാട്ടാനും പാടില്ല. റസൂലുല്ലാഹി (സ) നിങ്ങൾ ഒരു സ്ത്രീയെ വിവാഹലോചന നടത്തുമ്പോൾ അവരുടെ വിവാഹത്തിലേക്ക് പ്രേരിപ്പിക്കുന്ന വല്ലതും കാണാൻ കഴിയുമെങ്കിൽ കാണേണ്ടതാണ്. (അബൂദാവൂദ്). വിവാഹത്തിന് മുമ്പ് വധൂവരന്മാർ തനിച്ചിരിക്കാനും ഫോണിലൂടെ ബന്ധപ്പെടാനും പരസ്പരം മോതിരം ധരിപ്പിക്കാനും സ്പർശിക്കാനും ഒരുമിച്ച് യാത്ര ചെയ്യാനും പാടില്ല. ഇവ പാപവും പിശാച് വഴിപിഴപ്പിക്കാൻ ഉപയോഗിക്കുന്ന കാര്യങ്ങളുമാണ്. ഇത്തരം തിന്മകൾ കാരണം ധാരാളം സുന്ദര സ്വപ്നങ്ങൾ തകർന്നുപോയിട്ടുണ്ട്.

ഇസ്‌ലാം നീതിയുടെയും കാരുണ്യത്തിന്റെയും മതമാണ്. യുവാക്കളോട് വിവാഹം കഴിക്കാൻ കൽപ്പിക്കുകയും മാന്യമായ മഹ്ർ നൽകാനും ചിലവുകൾ ചുരുക്കാനും പരിപാടികൾ ലളിതമാക്കാനും നിർദ്ദേശിക്കുകയും ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: ചിലവ് ചുരുങ്ങിയ വിവാഹമാണ് ഏറ്റവും കൂടുതൽ ഐശ്വര്യമുള്ളത്. മറ്റൊരിക്കൽ അരുളി: ചിലവ് കുറഞ്ഞ സ്ത്രീകളാണ് ഐശ്വര്യം കൂടിയ സ്ത്രീകൾ. (അഹ്മദ്). സഹാബികളിലെ സമ്പന്നർ മഹ്റിൽ പോലും വർദ്ധനവ് വരുത്തിയില്ല. അബ്ദുർറഹ്മാനുബ്നു ഔഫ് (റ) ന്റെ ലളിതമായ വിവാഹത്തെക്കുറിച്ചറിഞ്ഞ റസൂലുല്ലാഹി (സ) ഇപ്രകാരം പ്രാർത്ഥിച്ചു: അല്ലാഹു താങ്കളുടെ കുടുംബത്തിലും സമ്പത്തിലും ഐശ്വര്യം ചൊരിയട്ടേ (ബുഖാരി). എന്നാൽ മഹ്ർ സ്ത്രീയുടെ അവകാശമാണ്. അത് പൂർണ്ണമായി അവർക്ക് നൽകപ്പെടേണ്ടതും അവരുടെ മാതാപിതാക്കളോ ബന്ധുക്കളോ അതിൽ കൈ കടത്താൻ പാടില്ലാത്തതുമാകുന്നു. (നിസാഅ് 4).

സ്ത്രീയുടെ അലങ്കാരം അവരുടെ മറയാണ്. അവരുടെ തിളക്കം ലജ്ജയിലാണ്. അവരുടെ മഹിമ പാതിവ്രത്യത്തിലാണ്. അതുകൊണ്ടുതന്നെ സ്ത്രീ മറഞ്ഞിരിക്കണമെന്ന് ഇസ്‌ലാം കൽപ്പിക്കുന്നു. ചില സ്ത്രീകൾ സന്തോഷ വേളകളിൽ നഗ്നത വെളിവാക്കുകയും മറ്റുചിലർ ഇറുകിയ വസ്ത്രം ധരിക്കുകയും  വേറെ ചിലർ നിറം വ്യക്തമാക്കുന്ന മയമായ വസ്ത്രം ധരിക്കുകയും ചെയ്യുന്നു. പലരും തല മറക്കാറില്ല. ഇത് പിശാച് അലങ്കരിച്ചുകൊടുക്കുന്ന പാപങ്ങളാണ്. ഭർത്താവ് അല്ലാത്ത അടുത്ത ബന്ധുക്കളുടെ മുന്നിൽ പോലും വീട്ടിൽ നിർബന്ധിതമായി തുറന്നുപോകുന്ന ഭാഗങ്ങൾ മാത്രമേ പ്രകടമാക്കാവൂ.

വീടിന് പുറത്ത് സ്ത്രീകളുടെ മുന്നിൽ പോലും ഇതിനേക്കാൾ കൂടുതൽ ഒന്നും പ്രകടമാക്കാൻ പാടില്ല. റസൂലുല്ലാഹി (സ) അരുളി: ആരെങ്കിലും ഭർത്താവിന്റെ വീട്ടിൽ അല്ലാതെ വസ്ത്രം അഴിച്ചുവെച്ചാൽ അല്ലാഹു അവർക്ക് നൽകിയ മറയെ അവർ കീറിക്കളഞ്ഞിരിക്കുന്നു. (ഹാകിം).

ഇസ്‌ലാമിക സംസ്കാരം ധൂർത്തിലും പിശുക്കിനും ഇടയിൽ മധ്യമമാണ്. വിവാഹം പരസ്യപ്പെടുത്തണം  പക്ഷേ നിഷിദ്ധമായ കാര്യങ്ങളൊന്നും കാട്ടിക്കൂട്ടാൻ പാടില്ല. വസ്ത്രത്തിലും അലങ്കാരത്തിലും ആർഭാടത്തിലും ചിലർ മത്സരിക്കാറുണ്ട്. ഒരു ഗുണവും ഇല്ലാത്ത പ്രശസ്തിക്കും മറ്റുള്ളവരെ കാണിക്കാനും വേണ്ടി സമ്പത്തും സമയങ്ങളും നശിപ്പിക്കുന്നു. റസൂലുല്ലാഹി (സ) അരുളി: ഒരു വ്യക്തി വളരെ കൂടിയ വസ്ത്രത്തിൽ നടക്കുകയായിരുന്നു. അയാളെക്കുറിച്ച് അയാൾക്കുതന്നെ അത്ഭുതമുണ്ടായി. അയാൾ മുടിചീകിയിട്ട് അഹന്തയോടെ നടക്കുകയായിരുന്നു. അയാൾ അഹന്തയോടെ നടന്നപ്പോൾ അല്ലാഹു അയാളെ ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. ലോകാവസാനം വരെ അയാൾ ഭൂമിയിൽ ആണ്ടുകൊണ്ടിരിക്കുന്നതാണ്. (ബുഖാരി, മുസ്‌ലിം).

അലങ്കാരം, വസ്ത്രം, മുടി എന്നിവയിൽ വിരക്തര പുലർത്തുന്നവരാണ് മുസ്‌ലിം സ്ത്രീകൾ. പുരുഷന്മാരോടോ നിഷേധികളോടോ അവർ സാദൃശ്യരാകുന്നതല്ല. പുരുഷന്മാരോട് സാദൃശ്യത കാട്ടുന്ന സ്ത്രീകളെ റസൂലുല്ലാഹി (സ) ശപിച്ചിരിക്കുന്നു. സ്ത്രീയുടെ മഹത്വവും അഭിമാനവും സ്ത്രീത്വമാണ്. ഇതിന് വിരുദ്ധമായവെ അനുഗരിക്കുന്നത് സത്രീത്വത്തെയും സ്ത്രീകളുടെ പ്രത്യേകതകളെയും സർവ്വോപരി പടച്ചവന്റെ തത്വതീക്ഷയും അവഗണിക്കലാണ്. കണ്ണിന് മുകളിലുള്ള പുരികങ്ങൾ രക്ഷിതാവിന്റെ ഭാഗത്തുനിന്നുള്ള അലങ്കാരമാണ്. ചില സ്ത്രീകൾ അതിനെ പറിച്ചുമാറ്റുകയും മുഖപ്രസന്നതയും സൗന്ദര്യവും നശിപ്പിക്കുകയും ചെയ്യുന്നു. പുരിക രോമങ്ങളെ നീക്കം ചെയ്യുന്നവരെ റസൂലുല്ലാഹി (സ) ശപിച്ചിരിക്കുന്നു. (ബുഖാരി, മുസ്‌ലിം).

ആഘോഷ വേളകളിൽ പലരും പരിധി ലംഘിക്കുകയും അനിസ്‌ലാമിക രീതികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. വിവാഹ വേളകളിലും മറ്റും അന്യസ്ത്രീ പുരുഷന്മാർ പരസ്പരം കാണുന്നതും അന്യസ്ത്രീകൾക്കിടയിലേക്ക് വരൻ കടന്നുവരുന്നതും വധൂവരന്മാർ ഉയർന്ന സ്ഥലങ്ങളിൽ ഇരുന്ന് അന്യസ്ത്രീപുരുഷന്മാരെ പരസ്പരം കണ്ടുകൊണ്ടിരിക്കുന്നതും നിന്ദ്യമായ പാപമാണ്. റസൂലുല്ലാഹി (സ) അരുളി: പുരുഷന്മാർ അന്യസ്ത്രീകൾക്ക് അരികിലേക്ക് പോകാൻ

പാടില്ല. (ബുഖാരി, മുസ്‌ലിം). നവദമ്പതികൾ സ്ത്രീകൾക്കിടയിൽ ഇരിക്കുന്നത് നാശകരമായ അനുകരണമാണ്. ഇതിന്റെ പ്രേരകവും മനോച്ഛയും ബാഹ്യപ്രകടനവും ഫലം പരാജയവുമാണ്. സ്ത്രീകൾക്ക് മുമ്പിൽ ഇരിക്കുന്ന ദമ്പതികളെ നോക്കിക്കൊണ്ട് സ്ത്രീകളുടെ മനസ്സിൽ ഉയരുന്ന വികാര വിചാരങ്ങൾ എന്തെല്ലാമായിരിക്കും?. അവരുടെ സൗന്ദര്യത്തിൽ അസൂയപ്പെടുന്നവരും സൗന്ദര്യക്കുറവിൽ സന്തോഷിക്കുന്നവരും ഉണ്ടായിരിക്കില്ലേ? ഫാത്തിമ (റ) പ്രസ്താവിക്കുന്നു: ഉത്തമ സ്ത്രീകൾ പുരുഷന്മാരെ കാണുകയോ പുരുഷന്മാർ അവരെ കാണുകയോ ഇല്ല.

വിവാഹ വേളയിൽ വധുവിനെ നെറ്റ് ധരിപ്പിക്കുന്നത് അനിസ്‌ലാമികതയാണ്. ആട്ടും പാട്ടും പടച്ചവനിൽ നിന്നും അകറ്റുന്നതും മനസ്സ് കഠിനമാക്കുന്നതുമാണ്. വിവാഹ രാവുകളിൽ ഗാനമേളകൾ നടത്തുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തോട് കാട്ടുന്ന നന്ദികേടും പാപവും ദൂർത്തുമാണ്. പ്രധാന രാവുകളിൽ പടച്ചവന്റെ കാരുണ്യം പെയ്തിറങ്ങുന്ന നിമിഷങ്ങളിൽ കുടുംബ മിത്രങ്ങൾ ഗാനമേളകളിൽ മുഴുകുന്നത് എത്രമാത്രം നിന്ദ്യമാണ്. പാപകരമായ കാര്യങ്ങളിൽ ഉള്ള പരിപാടികളിൽ മുസ്‌ലിംകൾ പങ്കെടുക്കാൻ പാടില്ല. ഇമാം ഔസാഈ (റ) പ്രസ്താവിക്കുന്നു: തബലയും ഗാനോപകരണങ്ങളുമുള്ള വിവാഹ സൽക്കാരങ്ങളിൽ പോകാൻ പാടില്ല. എന്നാൽ അനുവദനീയമായ ഗാനങ്ങൾ ആലപിച്ചുകൊണ്ട് ദഫ് മുട്ടാവുന്നതാണ്.

അന്യ സ്ത്രീപുരുഷന്മാരുടെ ഫോട്ടോകൾ എടുക്കുന്നതും കാണുന്നതും പടച്ചവന്റെ ശാപവും കോപവും ഉണ്ടാക്കുന്നതാണ്. വിശിഷ്യാ സത്രീകളുടെ ചിത്രങ്ങൾ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും കുടുംബ ബന്ധങ്ങൾ തകർക്കുകയും ചെയ്യുന്നതാണ്. വിവേകശാലികൾ ഇണകളെയും പെൺമക്കളെയും ഫോട്ടോയുടെ സ്ഥാനങ്ങളിൽ നിന്നും അകറ്റിനിർത്തുന്നതാണ്.

ആഹാരപാനിയങ്ങളിൽ മധ്യനില പുലർത്തുന്നതും ആഹാരം പാഴാക്കാതിരിക്കുന്നതും ലോകാനുഗ്രഹി (സ) യുടെ മാതൃകയും മഹത്വത്തിന്റെ അടയാളവുമാണ്. ഉമ്മുൽ മുഅ്മിനീൻ സഫിയ്യാ (റ) സ്വന്തം വിവാഹത്തെക്കുറിച്ച് വിവരിക്കുന്നു: റസൂലുല്ലാഹി (സ) ഒരു ഭാര്യയെ വിവാഹം കഴിച്ചപ്പോൾ രണ്ട് മുദ്ദ് ഗോതമ്പാണ് വലീമ (വിവാഹ സൽക്കാരം) ക്ക് ചിലവഴിച്ചത്. വിവാഹ വേളകളിൽ മനസ്സ് തുറന്ന് ചിലവഴിക്കുന്നതും നന്മയുടെ വഴികളിൽ വലിയ പിശുക്ക്

കാട്ടുന്നതും എന്തിന്റെ അടയാളമാണ്? നിശ്ചയം അച്ചാരം, വിവാഹം, കൂട്ടിക്കൊണ്ട് പോക്ക് എന്നിങ്ങനെ പല പരിപാടികൾ നടത്തി ഓരോന്നിലും ആഹാര പാനിയങ്ങൾ ധാരാളം ഉണ്ടാക്കുകയും പാഴാക്കുകയും ചെയ്യുന്നത് പാപമായതിനോട് കൂടി വരന്റെ സാമ്പത്തിക അവസ്ഥ തകർക്കുന്നതുമാണ്. ഉത്തമമായ ഒരു വൈവാഹിക ജീവിതവും കുടുംബ സങ്കൽപ്പവും മുന്നിൽ കണ്ടുകൊണ്ട് ജീവിത യാത്ര ആരംഭിക്കുന്ന ഏതെങ്കിലും പുരുഷൻ അമൂല്യമായ സമ്പത്തിനെ വിവിധ പരിപാടികൾ പറഞ്ഞ് പാഴാക്കുമോ? വിവാഹത്തിന് ശേഷം ഓരേ ഒരു വലിമ സൽക്കാരം നടത്തുന്നത് ഇണകൾക്കും ബന്ധുമിത്രങ്ങൾക്കും എല്ലാവർക്കും പ്രിയങ്കരവും എളുപ്പവും സുരക്ഷിതവുമാണ്. ഈ സൽക്കാരം രാത്രിയാണ് ഉത്തമമെങ്കിലും രാത്രി നീളാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. റസൂലുല്ലാഹി (സ) ഇശാക്ക് ശേഷം സംസാരിക്കുന്നത് വെറുത്തിരുന്നു (ബുഖാരി). സന്തോഷത്തിനുവേണ്ടി ഉറക്കം കളയുന്നത് മോശമാണ്.

സഹോദരങ്ങളേ, ഭയഭക്തിയുടെമേൽ കുടുംബമാകുന്ന കെട്ടിടത്തെ പണിതുയർത്തുക. അത് സുന്ദരവും ലാഭകരവുമാണ്. പാപങ്ങൾ കൊണ്ട് വിവാഹത്തെ മൂടുന്നവർ പരാജയത്തെ വിളിച്ചുവരുത്തുകയാണെന്ന് അറിയുക. നാമും നമ്മുടെ കുടുംബ മിത്രങ്ങളും വിവാഹത്തിലേക്ക് കടക്കുമ്പോൾ പാപങ്ങളുടെ തീജ്വാലകളിൽ ആണോ നന്മകളുടെ പുഷ്പങ്ങൾക്കിടയിലാണോ നിലയുറപ്പിക്കേണ്ടത് എന്ന് ആലോചിക്കുക. വിശിഷ്യാ വിവാഹത്തിന്റെ ആദ്യരാവുകൾ നന്മകൾ കൊണ്ട് നിറക്കാനും പാപങ്ങളിൽ നിന്ന് അകന്നുനിൽക്കാനും പ്രത്യേകം ശ്രദ്ധിക്കുക. ഫുളൈലുബ്നു ഇയാള് (റ) പ്രസ്താവിക്കുന്നു: ഞാൻ വല്ലപാപവും പ്രവർത്തിച്ചാൽ അതിന്റെ പ്രതിഫലനം എന്റെ ഇണയിലും മൃഗത്തിലും ഞാൻ അനുഭവിക്കുന്നതാണ്. പാപങ്ങൾ കാര്യങ്ങളെ ഞെരുക്കമാക്കുകയും ഇണകളുടെ മനസ്സുകൾ അകറ്റുകയും ചെയ്യുന്നതാണ്. നന്മകൾ കൂടുന്നതിന് അനുസരിച്ച് സൗഭാഗ്യങ്ങളും വർദ്ധിക്കുന്നതാണ്.

വിവാഹവേളകളിലുള്ള പാപങ്ങളുടെ അടിസ്ഥാന കാരണം അറിവും ബോധവും ഇല്ലായ്മയാണ്. പലർക്കും വിവാഹത്തിന്റെ യാഥാർത്ഥ്യം തന്നെ അറിയില്ല. കുറേ ആഹാരം കഴിക്കലും പൊതു വസ്ത്രങ്ങൾ ധരിക്കലും മാത്രമാണ് വിവാഹമെന്ന് പലരും കരുതുന്നു. എന്നാൽ കാര്യം അങ്ങനെയല്ല, വിവാഹം എന്നാൽ വളരെ ബലിഷ്ഠമായ

ഒരു കരാറിലൂടെ നമ്മുടെ അടുത്ത രണ്ടുപേർ ഒന്നായിച്ചേരുകയും പുതിയ ഒരു പരമ്പരക്കും ജീവിതത്തിനും തുടക്കം കുറിക്കലാണ്. ഇതിൽ പാപങ്ങളുടെ യാതൊരു കലർപ്പുമുണ്ടാകാതിരിക്കാൻ ശ്രദ്ധി ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഏറ്റവും വലിയ ഉത്തരവാദിത്വം മുതിർന്ന മാതാപിതാക്കൾക്കാണ്. വിവാഹ വേളകളിൽ പാപങ്ങളുടെ അഴിഞ്ഞാട്ടമുണ്ടാകാതിരിക്കാൻ മുതർന്നവർ പ്രത്യേകം ശ്രദ്ധിക്കണം. കീഴിലുള്ളവർ മുതിർന്നവരെ അനുസരിക്കാനും പടച്ചവനിലേക്ക് അടുക്കാനും പരിശ്രമിക്കണം. വിശിഷ്യാ സ്ത്രീകളിലെ മുതിർന്നവർ മറ്റുസ്ത്രീകളെ നന്മകളിലേക്ക് നയിക്കേണ്ടതാണ്. ഇന്ന് എന്തെങ്കിലും നന്മകൾ ചെയ്യാനുള്ള സമയമാണ്, വിചാരണയില്ല. നാളെ വിചാരണ യുണ്ടാകും നന്മകൾ ഒന്നും ചെയ്യാൻ അവസരമുണ്ടാകില്ല. അല്ലാഹു അറിയിക്കുന്നു: നന്മകൾ പ്രവർത്തിക്കുന്നതിന്റെ ഫലം പ്രവർത്തിക്കു ന്നവന് തന്നെയാണ്. തിന്മകളുടെ ഫലം തിന്മ പ്രവർത്തിക്കുന്നവന് തന്നെയാണ്. താങ്കളുടെ രക്ഷിതാവ് അടിമകളോട് ഒരു അക്രമവും ചെയ്യുന്നവനല്ല. (ഫുസ്സിലത്ത് 46).

സഹോദരങ്ങളേ ഇസ്‌ലാം സംസ്കാരത്തിന്റെ സമുന്നത സരണി യാണ്. ഇസ്‌ലാമിക സന്ദേശങ്ങളെ മുറുകെപിടിക്കുന്നത് പുരോ ഗതിയിലേക്ക് നയിക്കുന്നതാണ്. വിശിഷ്യാ ഐശ്വര്യപൂർണ്ണമായ വിവാഹവും സന്തോഷകരമായ വൈവാഹിക ജീവിതവും ഉണ്ടായി ത്തീരുന്നതാണ്. വിവാഹ വിഷയത്തിൽ വിവാഹത്തിന് മുമ്പുമുതൽ തന്നെ ശ്രദ്ധിക്കണമെന്ന് ഇസ്‌ലാം ഉണർത്തുന്നു. മതബോധം, സൽസ്വഭാവം, മാന്യത, മര്യാദകൾ എന്നിവയാണ് ഒരു വധുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. സൽസ്വഭാവവും ദീനീ ജീവിതവുമാണ് വരന്റെ മഹൽ ഗുണങ്ങൾ. ഇത്തരം ഒരു വരൻ വിവാഹലോചന നടത്തിയാൽ കുടുംബത്തിലെ കാരണവന്മാരുമായി കൂടിയാലോചന നടത്തുകയും സംതൃപ്തമായാൽ കുട്ടിയെ കാണുകയും ചെയ്യുക. മന സ്സിന് സംതൃപ്തിയുണ്ടായാൽ വിവാഹത്തിലേക്ക് കടക്കുക. വിവാഹ പരിപാടികൾ വളരെ മധ്യമമാകാൻ ശ്രദ്ധിക്കുക. പേരും പെരുമയും ലക്ഷ്യമിടാതിരിക്കുക. ദൂർത്ത് ഇല്ലാത്ത ഒരു സൽക്കാരം നടത്തി വൈവാഹിക ജീവിതം ആരംഭിക്കുക.

ഈ വിഷയങ്ങളിൽ വധുവും വ്യക്തവും ശക്തവുമായ നിലപാ ടുകൾ സ്വീകരിക്കേണ്ടതാണ്. എന്റെ കല്യാണത്തിൽ നിഷിദ്ധമായ കാര്യങ്ങളൊന്നും ഉണ്ടാകാൻ പാടില്ലെന്ന് വധു നിർബന്ധം പിടിക്കേ

ണ്ടതാണ്. ഇസ്‌ലാമിൽ വിവാഹം സൂക്ഷ്മവും സരളവും സുന്ദരവുമാണ്. റസൂലുല്ലാഹി (സ) സഫിയ്യാ (റ) യുമായി വിവാഹം നടത്തിയത് യാത്രയിലാണ്. അനസ് (റ) പറയുന്നു: വഴിയിൽ വെച്ച് എന്റെ മാതാവ് ഉമ്മുസുലൈം അവരെ ഒരുക്കി തയ്യാറാക്കി. റസൂലുല്ലാഹി (സ) അവരുമായി വീടുകൂടി!

അനുയോജ്യരും അർഹരുമായ ഇണകളെ ലഭിച്ചിട്ടും വിവാഹത്തെ പിന്തിക്കുന്നതും പെൺമക്കളെ വിവാഹം കഴിപ്പിക്കാതെ ബുദ്ധിമുട്ടിക്കുന്നതും വളരെ മോശമാണ്. ആദരണീയ മാതാപിതാക്കളേ, നിങ്ങളുടെ മകൾ നിങ്ങളുടെ വീട്ടിൽ നിങ്ങളോടൊപ്പം കഴിയുമ്പോൾ അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിങ്ങൾ മനസ്സിലാക്കാതെ പോകരുത്. ലജ്ജ കാരണം അവർ മനസ്സിൽ പലതും മറച്ചുവെക്കുകയും പ്രഭാത പ്രദോഷങ്ങളിൽ അവർ ദു:ഖിതയായി കഴിയുകയും മറ്റുള്ളവരുടെ വിവാഹ പരിപാടികളിലേക്ക് നോക്കുകയും ചെയ്യുന്നത് നിങ്ങൾ മനസ്സിലാക്കുക. സ്ത്രീ പുഷ്പമാണ്. യുവത്വ സമയത്ത് അത് വിടർന്നിരിക്കും. പിന്നീട് വാടിപ്പോകും. യുവത്വത്തിന്റെ തുടക്കത്തിൽ തന്നെ അവരെ വിവാഹം കഴിപ്പിക്കലാണ് ഏറ്റവും അനുയോജ്യമായത്. തന്റെ മകളെയും സഹോദരിയെയും വിവാഹം കഴിക്കാൻ നന്മ നിറഞ്ഞവരോട് അഭ്യർത്ഥിക്കുന്നതിൽ ഒരു നാണവും മടിയും കാട്ടേണ്ടതില്ല. ഉമർ (റ) ന്റെ മകൾ ഹഫ്‌സ (റ) വിധവയായപ്പോൾ മഹാനവർകൾ ഉസ്മാൻ (റ) നോട് വിവാഹത്തിന് താൽപ്പര്യം ഉണ്ടോയെന്ന് ചോദിച്ചു. അദ്ദേഹം ആഗ്രഹം ഇല്ലായെന്ന് പറഞ്ഞപ്പോൾ അബൂബക്ർ (റ) നോടും തുടർന്ന് റസൂലുല്ലാഹി (സ) യോടും അപേക്ഷിച്ചു. റസൂലുല്ലാഹി (സ) വിവാഹത്തിന് സന്നദ്ധനായി (ബുഖാരി). വിശിഷ്യാ ദീനീ ബോധവും സൽസ്വഭാവുമുള്ള ആളുകൾ വിവാഹലോചന നടത്തിയാൽ വിവാഹം കഴിച്ചുകൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം വലിയ പ്രശ്‌നങ്ങളും മഹാനാശങ്ങളും ഉണ്ടാകുന്നതാണ്. (തിർമിദി). അതെ, വിജയം സന്മാർഗ്ഗത്തെ പിൻപറ്റുന്നതിലാണ്. ബുദ്ധി നന്മയുടെ കവാടങ്ങളിൽ നിന്ന് വിജയത്തെ തേടുന്നതിലുമാണ്!

# വധൂവരന്മാർ പാലിക്കേണ്ട ഏതാനും കാര്യങ്ങൾ

അല്ലാമാ ഖാലിദ് സയ്ഫുല്ലാഹ് റഹ്മാനി
(ജന:സെക്രട്ടറി ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ്)

വിവാഹമെന്നത് ഇസ്ലാമിൽ പരിശുദ്ധവും സുശക്തവും നിരന്തരവുമായ ബന്ധമാണ്. ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ച് കൊണ്ട് വൈവാഹിക ജീവിതത്തിൽ പ്രവേശിച്ച ഓരോ സ്ത്രീയും പുരുഷനും എന്നുമെന്നും ഇണകളായി കഴിയണമെന്ന് ഇസ്ലാം ആഗ്രഹിക്കുന്നു. നിസാരവും ചെറുതുമായ പ്രശ്നങ്ങളുടെ പേരിൽ ഈ അനുഗ്രഹീത ബന്ധത്തിന്റെ അടിക്കല്ലുകൾ ഇളക്കരുതെന്ന് ഉണർത്തുകയും ചെയ്യുന്നു. പരിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു: ഇണകൾ പരസ്പരം സമാധാനവും സ്നേഹ കാരുണ്യങ്ങളുമാണ്. (സൂറ: റൂം 31) സ്ത്രീകൾ പുരുഷൻമാർക്ക് വസ്ത്രവും പുരുഷൻമാർ സ്ത്രീകൾക്ക് വസ്ത്രവുമാണ്. (സൂറ: ബഖറ) അതെ, ഭാര്യ ഭർത്താക്കൻമാർ പരസ്പരം അറിഞ്ഞും അടുത്തും കടമകൾ പാലിച്ചും കഴിഞ്ഞാൽ വലിയ സമാധാനവും സ്നേഹ സഹാനുഭൂതികളും അനുഭവിക്കുന്നതാണ്. കൂടാതെ ഇരുവരും പരസ്പരം അലങ്കാരവും സുരക്ഷിതത്വവും നൂനതകൾക്ക് മറയും ആകുന്നതുമാണ്. ചുരുക്കത്തിൽ ഇസ്ലാമിക വീക്ഷണത്തിൽ വൈവാഹിക ബന്ധം വളരെ ആദരണീയമാണ്. ഒരു ഭാഗത്ത് ഇത് ജീവിതത്തിലെ പരിശുദ്ധി നില നിർത്തുമ്പോൾ മറുഭാഗത്ത് മനുഷ്യ പരമ്പരയുടെ സമുന്നതമായ ഒരു മാർഗ്ഗവുമാണ്. ആകയാൽ വിവാഹ ബന്ധം ബലഹീനമാകാതിരിക്കാനും തകരാതിരക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹ ബന്ധം തകരുന്നത് ധാരാളം നാശ നഷ്ടങ്ങൾക്ക് കാരണമാണ്. ഇതിലൂടെ സമൂഹത്തിലെ രണ്ട് പ്രധാന അംഗങ്ങളുടെ ജീവിതം താറുമാറാകും മക്കൾക്ക് പിതാവിന്റെ പ്രിയവും മാതാവിന്റെ മമതയും നഷ്ട്ടപ്പെടും. അടുത്ത തലമുറക്ക് ശരിയായ ശിക്ഷണ ശീലനങ്ങൾ ലഭിക്കുകയില്ല. വ്യക്തികൾക്കും കുടംബങ്ങൾക്കും ജനങ്ങൾക്കുമിടയിൽ ആത്മാർത്ഥമായ സ്നേഹ സഹകരണ

ങ്ങൾക്ക് പകരം കടുത്ത വെറുപ്പും അകൽച്ചയും ഉണ്ടായിത്തീരും.

ഇക്കാരണങ്ങളാൽ ഇസ്‌ലാം തുടക്കം മുതൽ തന്നെ വളരെ സൂക്ഷ്മത പുലർത്താനും കാര്യങ്ങൾ ചിന്തിച്ച് ആലോചിച്ച് മാത്രം നിർവഹിക്കാനും ഉപദേശിക്കുന്നു.പിൽകാലത്ത് പരസ്പരം ഭിന്നതക്കും അകൽച്ചക്കും കാരണമാകുന്ന സകല കാര്യങ്ങളിൽ നിന്നും അകന്ന് മാറാനും ഉണർത്തുന്നു. ഈ വിഷയത്തിലുള്ള ആദ്യത്തെ കൽപ്പന പരസ്പരം നല്ലനിലയിൽ അന്വേഷിക്കണം എന്നാണ്. തുടർന്ന് വധുവരൻമാർ ഇരുവരുടേയും തൃപ്തിയെ ശ്രദ്ധിക്കേണ്ടതാണ്. അനിഷ്ടകരമായ വിവാഹത്തിന് ആരെയും നിർബന്ധിക്കാൻ പാടില്ല. റസൂലുല്ലാഹി (സ) യുടെ കാലത്ത് ഒരു പെൺകുട്ടിക്ക് താത്പര്യമില്ലാതെ പിതാവ് വിവാഹം കഴിപ്പിച്ചപ്പോൾ റസൂലുല്ലാഹി (സ) അത് റദ്ദ് ചെയ്യുകയുണ്ടായി (ബുഖാരി: 6969) ഈ വിഷയത്തിൽ സൂക്ഷ്മത പുലർത്താൻ മറ്റ് സമയങ്ങളിൽ ഇസ്‌ലാം അനുവദിക്കാത്ത ചില കാര്യങ്ങളും നടത്താൻ റസൂലുല്ലാഹി (സ) പഠിപ്പിച്ചു. ഉദാഹരണത്തിന് ഇസ്‌ലാം അന്യ സ്ത്രീ പുരുഷൻമാർ പരസ്പരം കാണുന്നതിനെ വിലക്കുന്നു. എന്നാൽ വധു വരൻമാർ വിവാഹത്തിന് മുമ്പ് പരസ്പരം കാണുന്നത് അനുവദിക്കുക മാത്രമല്ല ഉത്തമമാണെന്ന് പ്രസ്ഥാവിക്കുകയും ചെയ്തിരിക്കുന്നു. (ആലംഗീരി 5/277) ഇപ്രകാരം ഇസ്‌ലാം മാനവ സമത്വത്തെ ശക്തിയുക്തം വാദിക്കുന്നു.എന്നാൽ വൈവാഹിക ജീവിതത്തിനിടയിൽ ചിലപ്പോൾ കുടുംബപരവും സാമ്പത്തികവും മറ്റുമുള്ള അവസ്ഥകൾ പരസ്പരം പ്രശ്നങ്ങൾക്ക് കാരണമാകാൻ സാധ്യതയുള്ളതിനാൽ സാമ്പത്തിക കുടംബ കാര്യങ്ങളേയും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ഇതിന് ഫിഖ്ഹിന്റെ സാങ്കേതിക ഭാഷ്യത്തിൽ കഫാഅത്ത് എന്ന് പറയപ്പെടുന്നു.

ശേഷം വിവാഹം നടന്ന് കഴിഞ്ഞാൽ അത് പരസ്പരം നല്ല നിലയിൽ നിലനിൽക്കുന്നതിനും വളരുന്നതിനും ആവശ്യമായ നിരവധി നിർദ്ധേശങ്ങൾ പഠിപ്പിക്കുക മാത്രമല്ല. റസൂലുല്ലാഹി (സ) പ്രവർത്തിച്ച് കാണിച്ച് തരികയും ചെയ്തിരിക്കുന്നു. നമ്മുടെ വിഷയം അതല്ലങ്കിലും ഇന്നത്തെ വലിയൊരു ആവശ്യമായതിനാൽ ഇതുമായി ബന്ധപ്പെട്ട നാൽപ്പത് പ്രധാന ഉപദേശങ്ങൾ പരിശുദ്ധ ഖുർആൻ ഹദീസുകളുടെ വെളിച്ചത്തിൽ ഇവിടെ ഉദ്ധരിക്കുന്നു:

**1.** പുരുഷന്മാർ വീട്ടിൽ കടക്കുമ്പോൾ ബിസ്മില്ലാഹി ചൊല്ലി സലാം പറഞ്ഞുകൊണ്ട് പുഞ്ചിരിയോടെ പ്രവേശിക്കുക. **2.** ഭാര്യയുടെ

നന്മകളെ ആത്മാർത്ഥമായി പ്രശംസിക്കുക. 3. അവരുടെ ആവശ്യ ങ്ങളിലും ജോലികളിലും താൽപ്പര്യം പ്രകടിപ്പിക്കുക. അവയുമായി സഹകരിക്കുക. 4. ചിലവ് കൂടാതെ ഇടക്കിടെ ഹദ്'യ നൽകുക. 5. സ്നേഹവും സന്തോഷവും മനസ്സിൽ ഒതുക്കാതെ പ്രകടിപ്പിക്കുക. 6. ദീനിന്റെ നിയമാതിർത്തികൾ പാലിച്ച് തമാശകൾ പറയുകയും കളികൾ നടത്തുകയും ചെയ്യുക. 7. സഹനത മുറുകെ പിടിക്കുക. തെറ്റുകുറ്റങ്ങൾ മാപ്പാക്കുക. 8. വീട്ടിൽ ശരീഅത്ത് നിയമങ്ങൾ പഠിപ്പി ക്കുകയും പാലിക്കുകയും ചെയ്യുക. വിശിഷ്യാ അന്യപുരുഷന്മാരുടെ ബന്ധം ഒഴിവാക്കുക. വിവാഹ-മരണ വേളകളിൽ ഇക്കാര്യം കൂടുതൽ സൂക്ഷിക്കുക. 9. ഒരാൾ ദേഷ്യപ്പെടുമ്പോൾ മറ്റൊരാൾ കോപിക്കുക യില്ലെന്ന് തീരുമാനിക്കുക. 10. എന്തെങ്കിലും പ്രശ്നമുണ്ടായാൽ രാത്രി ഉറങ്ങുന്നതിന് മുമ്പ് പരിഹരിക്കുക. 11. ഭാര്യയെ അവഗണിക്കുകയും അനാദരിക്കുകയും ചെയ്യരുത്. 12. ത്വലാഖിന്റെ ഭീഷണി മുഴക്കരുത്. 13. മറ്റൊരു വിവാഹത്തെക്കുറിച്ച് പറഞ്ഞ് വിരട്ടരുത്. 14. ഭാര്യയെ നാണം കെടുത്തരുത്. 15. അവർക്ക് സമയം കൊടുക്കുക. 16. അവരെ വല്ലതിൽ നിന്നും തടഞ്ഞാൽ അതിൽ നിന്ന് സ്വയം വിട്ടുനിൽക്കണം. 17. പരസ്പരം സദ്'ഭാവന പുലർത്തുക. എന്തിനും എപ്പോഴും കുറ്റം പറയുന്ന സ്വഭാവം മാറ്റുക. 18. മറ്റൊരാളുടെ പേരിൽ ഭാര്യഭർത്താ ക്കന്മാർ വഴക്കുണ്ടാക്കരുത് 19. സംശയം, ആരോപണങ്ങൾ എന്നിവ പ്രത്യേകം സൂക്ഷിക്കണം. ശറഇയ്യായ തെളിവ് ഇല്ലാതെ ആരോപണം നടത്തരുത്. കുടുംബത്തിന്റെ അടിത്തറ തകരും. 20. ഇണയുടെ ബന്ധുക്കളെ അവഗണിക്കരുത്. അവരുമായി ബന്ധപ്പെടാൻ അവരെ അനുവദിക്കുകയും സ്വയം അവരുമായി നല്ല ബന്ധത്തിൽ കഴിയുകയും വേണം. 21. ആഹാരം അനുവദനീയമായത് ആക്കുവാൻ ശ്രദ്ധിക്കുക. ദിക്റുകൾ ചൊല്ലിക്കൊണ്ട് പാചകം ചെയ്യുകയും ആഹരിക്കുകയും ചെയ്യുക. 22. വീട്ടുജോലികളെ ഇബാദത്തായി കണ്ട് ഏറ്റെടുക്കുക യും കൃത്യസമയത്ത് നിർവ്വഹിക്കുന്നത് പതിവാക്കുകയും ചെയ്യുക. 23. അടുക്കും ചിട്ടയും വൃത്തിയും വെടിപ്പും നല്ല നിയ്യത്തോടെ നില നിർത്തുക. 24. കേട്ടതെല്ലാം പറഞ്ഞ് നടക്കരുത്. അന്യരുമായുള്ള സംസാരം കുറക്കുക. ധൃതിയിൽ തീരുമാനങ്ങൾ പ്രഖ്യാപിക്കരുത്. 25. അല്ലാഹു ദീനും ദുൻയാവും സംരക്ഷിക്കട്ടെ എന്നിങ്ങനെയുള്ള ദുആക്കൾ ചെയ്തുകൊണ്ട് ഭർത്താവിനെ യാത്ര അയക്കുക. 26. ഭർ ത്താവ് വരുന്നതിന് മുമ്പ് ലളിതമായി അണിഞ്ഞൊരുങ്ങുക. 27.

പകരത്തിന് പകരമാക്കാതെ അല്ലാഹുവിന്റെ കൽപ്പന പാലിക്കുന്നു എന്ന നിയ്യത്തിൽ കുടുംബക്കാരെല്ലാവരുമായി ബന്ധം പുതുക്കിക്കൊണ്ടിരിക്കുക. അടുത്തതും അകന്നതുമായ എല്ലാ ബന്ധുക്കളോടും ബന്ധം ചേർക്കുക. എന്നാൽ പരദൂഷണവും മറയില്ലായ്മയും വർജ്ജിക്കുക. **28.** ദീനീ കാര്യങ്ങളിൽ വിശിഷ്യാ ദാനധർമ്മങ്ങളിൽ പ്രേരിപ്പിക്കുക. **29.** വീട്ടിൽ ഒരു സ്ഥലം മുസ്വല്ല എന്ന പേരിൽ നിശ്ചയിക്കുക. അവിടെ നമസ്ക്കാര കുപ്പായവും ഖുർആൻ ശരീഫും ദീനീ കിത്താബുകളും ഒതുക്കി വെക്കുക. സ്ത്രീകൾ അവിടെ അധികമായി കഴിച്ച് കൂട്ടുക. **30.** ഫോൺ ഉപയോഗം കുറക്കുക. ഫോണിൽ ചുരുക്കി സംസാരിച്ച് ശീലിക്കുക. വിശിഷ്യാ അന്യരുമായുള്ള സംസാരം വളരെയധികം സൂക്ഷിക്കുക. **31.** ഒരു നോട്ട് ബുക്ക് സദാ കരുതുകയും വിജ്ഞാനങ്ങളും വാഗ്ദാനങ്ങളും പരിപാടികളും കുറിച്ച് വെക്കുകയും ചെയ്യുക. **32.** പ്രാഥമിക ചികിത്സക്കുള്ള മരുന്നുകൾ സദാ തയ്യാറാക്കി വെക്കുക. താക്കോലുകൾക്ക് കൃത്യമായ ഒരു സ്ഥലം നിശ്ചയിക്കുക. ആഭരണങ്ങൾ പോലെ വിലയേറിയ വസ്തുക്കൾ സൂക്ഷിക്കുക. **33.** സംശയവും തെറ്റിദ്ധാരണയും ഉണ്ടാക്കുന്ന പെരുമാറ്റങ്ങളും വാചകങ്ങളും ഉപേക്ഷിക്കുക. **34.** മക്കളുടെ കാര്യങ്ങളിൽ വിശിഷ്യാ വിദ്യാഭ്യാസം, വിവാഹം മുതലായ വിഷയങ്ങളിൽ ഇണകൾ പരസ്പരം കൂടിയാലോചിച്ച് കൊണ്ടിരിക്കുക. **35.** ന്യായമായ കാരണങ്ങളില്ലാതെ ഭർത്താവിന്റെ ആഗ്രഹം പൂർത്തിയാക്കാൻ അമാന്തിക്കരുത്. സൗന്ദര്യം നഷ്ടപ്പെടുമെന്ന വിചാരത്തിൽ ഗർഭധാരണം വെറുക്കരുത്. **36.** പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ ആശ്വസിപ്പിക്കുക. **37.** തെറ്റുകൾ ഉണ്ടായാൽ തുറന്ന് സമ്മതിക്കുക. ഇത് മഹത്വമാണ്. കുറഞ്ഞ പക്ഷം നിശബ്ദത പാലിക്കുക. ഇത് രക്ഷയാണ്. തർക്കവും വ്യാഖ്യാനവും നാശമാണ്. **38.** എന്തെങ്കിലും വിഷമങ്ങളും ദു:ഖങ്ങളും ഉണ്ടായാൽ ആരോടും പരസ്യപ്പെടുത്താതെ അല്ലാഹുവിനോട് മാത്രം പറയുക. **39.** ഇണയുടെ ബന്ധുക്കളോട് നല്ല നിലയിൽ വർത്തിക്കുക. **40.** തിന്മകളിൽ സഹകരിക്കരുത്. അവസ്ഥ നന്നാക്കാൻ തന്ത്രജ്ഞതയോടെ പരിശ്രമിക്കുക.

# നികാഹ് നാമ
# (വിവാഹ പ്രതിജ്ഞാ പത്രം)

ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്

## വിവാഹത്തിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1) വധൂവരന്മാർക്കിടയിൽ വിവാഹ ബന്ധം നിഷിദ്ധമാകുന്ന പാൽകുടി ബന്ധമോ വൈവാഹിക ബന്ധമോ അടുത്ത കുടുംബ ബന്ധമോ ഉണ്ടാകാൻ പാടില്ല.

2) നിലവിലുള്ള ഭാര്യയുടെ സഹോദരി, മാതൃസഹോദരി, പിതൃസഹോദരി, സഹോദരി പുത്രി, സഹോദര പുത്രി എന്നിവരെ വിവാഹം കഴിക്കരുത്.

3) വധു വിവാഹ സമയത്ത് മറ്റൊരാളുടെ ഭാര്യയായിരിക്കരുത്.

4) വധു ത്വലാഖിന്റെയോ ഭർത്താവിന്റെ മരണത്തിന്റെയോ പേരിൽ ഇദ്ദ അനുഷ്ഠിക്കുന്നവരാകരുത്.

5) മൂന്ന് ത്വലാഖുകൾ ചൊല്ലിയ വ്യക്തി അതേ സ്ത്രീയെ വിവാഹം കഴിക്കാൻ പാടില്ല.

6) ബഹുഭാര്യത്വമാണെങ്കിൽ ഇണകൾക്കിടയിൽ സമത്വവും നീതിയും നിബന്ധനയാണ്.

ഉപര്യുക്ത കാര്യങ്ങൾ ശരിയായ നിലയിൽ മനസ്സിലാക്കുകയും അന്വേഷിച്ച് അറിയികുകയും ചെയ്യുക.

## വധൂവരന്മാർക്കുള്ള സുപ്രധാന ഉപദേശങ്ങൾ

1) നിക്കാഹ് റസൂലുല്ലാഹി (സ) യുടെയും മഹാന്മാരായ നബിമാരുടെയും ഉത്തമ ചര്യയാണ്. ആകയാൽ സുന്നത്തായ രീതിയിൽ

ഇത് നിർവ്വഹിക്കുക. ശരീഅത്തിന് വിരുദ്ധമായ സകല കാര്യങ്ങളും വർജ്ജിക്കുക.

2) നിക്കാഹിന്റെ സന്ദർഭത്തിൽ റൊക്കം തുകയോ സ്ത്രീധനമോ തന്റെ കൂട്ടത്തിലുള്ള അതിഥികൾക്കുള്ള സൽക്കാരമോ വരനും വരന്റെ ആൾക്കാരും ആവശ്യപ്പെടുന്നത് ശരീഅത്തിന് വിരുദ്ധവും കടുത്ത പാപവുമാണ്.

3) നിക്കാഹ് പരിപാടികൾ ലളിതമാക്കുക. ധൂർത്ത് ഉപേക്ഷിക്കുക. കുറഞ്ഞ ചിലവിൽ നടത്തപ്പെടുന്ന വിവാഹം ഐശ്വര്യമുള്ളതായിരിക്കുമെന്ന് റസൂലുല്ലാഹി (സ) അരുളിയിരിക്കുന്നു.

4) വധൂവരൻമാർ പരസ്പരം വസ്ത്രമാണെന്ന് പരിശുദ്ധഖുർആൻ വ്യക്തമാക്കുന്നു. ഇരുവരും പരസ്പരം വികാര താൽപ്പര്യങ്ങളെ പരിഗണിക്കണമെന്നും ബലഹീനതകളും ന്യൂനതകളും മറച്ചുവെക്കണമെന്നും കഴിവിന്റെ പരമാവധി വിട്ടുവീഴ്ച ചെയ്യണമെന്നും ഇത് ഉണർത്തുന്നു. കൂടാതെ പരസ്പരം സ്നേഹത്തിലും സൗഹൃദത്തിലും സന്തോഷത്തിലും കഴിയാൻ ശ്രദ്ധിക്കണം. ഇതിന്റെ പ്രതിഫലനം വധൂവരന്മാരിൽ മാത്രമല്ല മുഴുവൻ കുടുംബത്തിലും സമൂഹത്തിലും ഉളവാകുന്നതാണ്.

## ഭാര്യയോട് ഭർത്താവിന്
## താഴെ പറയുന്ന കടമകൾ ഉണ്ട്.

•തന്റെ കഴിവ് അനുസരിച്ച് ആഹാരം പാനിയം വസ്ത്രം താമസം എന്നീ സൗകര്യങ്ങൾ ചെയ്യുക.

•ആവശ്യാനുസൃതം ചികിത്സകൾക്ക് ഏർപ്പാടുകൾ ചെയ്യുക

•ഭാര്യയുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുക.

•ആവശ്യാനുസരണം മാതാപിതാക്കളെയും വിവാഹം നിഷിദ്ധമായ ബന്ധുക്കളെയും സന്ദർശിക്കാൻ അവസരം നൽകുക.

•ഭാര്യയുടെ തൃപ്തിയില്ലാതെ അവരുടെ വീട്ടിൽ താമസിപ്പിക്കുകയോ ബന്ധമൊന്നും ഇല്ലാതെ കഴിയുകയോ ചെയ്യരുത്.

•ഭാര്യയോട് നീതിയോടെ വർത്തിക്കുക. എല്ലാവിധ അക്രമങ്ങളിൽ നിന്നും അകന്ന് കഴിയുക.

•സന്താനങ്ങൾക്ക് ഉത്തമശിക്ഷണ ശീലങ്ങൾ നൽകാൻ പരസ്പരം സഹകരിക്കുക.

•പ്രശ്നം വല്ലതും ഉണ്ടായാൽ കഴിവിന്റെ പരമാവധി പരിഹരിക്കാൻ പരിശ്രമിക്കുക. കഠിനമായ നിർബന്ധിതാവസ്ഥയിൽ അല്ലാതെ ത്വലാഖ് ചൊല്ലാതിരിക്കുക. നിർബന്ധിതാവസ്ഥയിൽ ത്വലാഖ് ചൊല്ലേണ്ടി വന്നാൽ ഓരേ സമയം മൂന്ന് ത്വലാഖ് ഒരുമിച്ച് ചൊല്ലാതിരിക്കുക.

## ഭർത്താവിനോട് ഭാര്യക്ക് താഴെ പറയുന്ന കടമകളുണ്ട്

•കഴിവിന്റെ പരമാവധി ഭർത്താവിനെ സന്തോഷിപ്പിക്കുക.

•അനുവദനീയമായ കാര്യങ്ങളിൽ അനുസരിക്കുക.

•എവിടെയെങ്കിലും പോകുമ്പോൾ അനുവാദത്തോട് കൂടി മാത്രം പോവുക.

•അന്തസ്സും അഭിമാനവും പരിപൂർണ്ണമായി സംരക്ഷിക്കുക.

•സന്താനങ്ങളെ നല്ലനിലയിൽ വളർത്തുക.

## വധൂവരന്മാരുടെ സമ്മത പത്രം.

•അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ ഇരുവരും മുസ്‌ലിംകൾ ആണ്. വൈവാഹിക ജീവിതത്തിൽ ശരീഅത്തിന്റെ വിധിവിലക്കുകൾ പാലിക്കുന്നതാണെന്ന് ഞങ്ങൾ സമ്മതിച്ച് പറയുന്നു.

•ഞങ്ങൾ പരസ്പരം കടമകൾ നിർവ്വഹിക്കുന്നതാണ്. പരസ്പരമുള്ള ബന്ധങ്ങൾ സന്തോഷമായി നിലനിർത്താൻ പരിപൂർണ്ണമായി പരിശ്രമിക്കുന്നതാണ്. അല്ലാഹു അതിന് ഉതവി നൽകട്ടെ. ഇനി എന്തെങ്കിലും കാരണത്താൽ ഞങ്ങൾക്കിടയിൽ ശക്തമായ വല്ല പ്രശ്നങ്ങളും ഉണ്ടായാൽ  പണ്ഡിത മഹത്തുക്കളുടെ നേതൃത്വത്തിലുള്ള സയ്യിദ് ഹസനി കൗൺസിലിംഗ് സെന്റർ ഞങ്ങൾക്കിടയിൽ പരിഹാരം നിർദ്ദേശിക്കുന്നതും ഞങ്ങൾ അത് പാലിക്കുന്നതുമാണ്.

വരൻ...................... ഒപ്പ്..............................

വധു........................ ഒപ്പ്...........................